03/08/2024

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 3/08/2024

1. പ്രകൃതി ദുരന്തം മൂലം സംഭവിക്കുന്ന കൃഷി നാശം റിപ്പോർട്ട് ചെയ്യുന്നതിനായി കേരള കാർഷിക സർവ്വകലാശാല സംസ്ഥാനത്തുടനീളം കൃഷി വിജ്ഞാനകേന്ദ്രങ്ങളുടെ ഹെൽപ്പ്ലൈൻ നമ്പരുകൾ സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം 04722882086, 8281114479, KVK കൊല്ലം - 9447525264, 9446088020, ICAR KVK പത്തനംതിട്ട 8078572094, 0469-266209, 9744725614. ARS, തിരുവല്ല - 9446548260, 7736092009, KVK ആലപ്പുഴ - 0479 2449268, 0479 2959268, 094477 90268; ORARS, കായംകുളം - 9447799113, 9744645106. MSSRRS, മങ്കൊമ്പ് 9447565946, 9495671971, 9526548485, KVK കോട്ടയം - 6238092782, 7715836663, KVK ഇടുക്കി - 04868 299871,9495128805, KVK എറണാകുളം : 0484 2972450, 8590941255 RRS, വൈറ്റില - 0484 2809963, KVK തൃശൂർ - 094004 83754, 9074888106, 9207904965, 9895641453. കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തി 0487 2370773, 8289832152, ARS, മണ്ണുത്തി -9496287722, 9742534043, KVK പാലക്കാട് 0466 2912008, 0466 2212279, KVK മലപ്പുറം - 08547193685,0494 2686329 അങ്ങട, അനക്കയം - 7012550157, 9496365211, 9447322114, KVK കോഴിക്കോട് - 0496-2966041, 8547544765, KVK വയനാട് -04936 260411, 9446128874, 9495891023, 9495544038, 8943479701, KVK കണ്ണൂർ - 85476 75124, 0460 2226087, KVK കാസറഗോഡ് - 04994 232993, 6282623650.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് അഞ്ചാംഘട്ടത്തിന്റെയും ചർമ്മമുഴരോഗപ്രതിരോധ കുത്തിവയ്പ്പ് രണ്ടാം ഘട്ടത്തിന്റെയും വാക്സിനേഷൻ ക്യാമ്പെയ്ൻ 05/08/2024 മുതൽ 30 പ്രവർത്തി

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ദിവസങ്ങളിലായി നടത്തുന്നതാണ്. വാക്സിനേഷനുകളുടെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി ഡിസ്പെൻസറിയിൽ വച്ച് 05/08/2024 തിങ്കളാഴ്ച രാവിലെ 10 മണിക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി നിർവഹിക്കുന്നതാണ്. വാക്സിനേഷന്റെ ജില്ലാതല ഉദ്ഘാടനം നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിലെ മുട്ടയ്ക്കാട് മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ വച്ച് അന്നേ ദിവസം രാവിലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ സ്ഥലം എം എൽ എ കെ. അൻസലൻ നിർവ്വഹിക്കുന്നു. അഞ്ചാം തീയതി മുതൽ ഉള്ള 30 പ്രവൃത്തി ദിവസങ്ങളിലാണ് വാക്സിനേഷൻ നടക്കുന്നത്. മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള വാക്സിനേഷൻ ടീമുകൾ കർഷകരുടെ വീടുകളിൽ എത്തി വാക്സിനേഷൻ നടത്തുന്നതാണ്.

3. സംസ്ഥാന ക്ഷീരവികസന വകുപ്പിന്റെ 2024- 25ലെ വിവിധ പദ്ധതികൾക്ക് ക്ഷീരശ്രീ പോർട്ടൽ മുഖേന അപേക്ഷിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 5 വരെ നീട്ടി. വകുപ്പിന്റെ ക്ഷീരശ്രീ പോർട്ടൽ (www.ksheerasree.kerala.gov.in) മുഖേന റജിസ്റ്റർ ചെയ്യേണ്ടതാണ് മഴക്കെടുതിയെ തുടർന്നാണ് തീയതി നീട്ടിയത്.

4. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധിയുടെ ഭാഗമായി കേരള മൃഗസംരക്ഷണ വകുപ്പ് സംസ്ഥാന വ്യാപകമായി ഉരുക്കൾക്ക് 2024 ഓഗസ്റ്റ് 5-ാം തീയതി മുതൽ 30 പ്രവൃത്തി ദിവസങ്ങളിലായി കുളമ്പുരോഗപ്രതിരോധ കുത്തിവയ്പ് അഞ്ചാംഘട്ടവും ചർമ്മമുഴരോഗപ്രതിരോധ കുത്തിവയ്പ്പ് രണ്ടാം ഘട്ടവും നടത്തുന്നു. പ്രസ്തുത വാക്സിനേഷനുകൾക്ക് വാക്സിനേറ്റർമാർ, സഹായികൾ എന്നിവരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകൾ വെള്ളകടലാസ്സിൽ തയ്യാറാക്കിയ ബയോഡാറ്റ സഹിതം തങ്ങൾ താമസിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള മൃഗാശുപത്രിയിൽ

മാത്രം സ്ഥാപനമേധാവി (ചീഫ് വെറ്ററിനി ഓഫീസർ/സീനിയർ വെറ്ററിനറി സർജൻ/ വെറ്ററിനറി സർജൻ) മുൻപാകെ ആശുപത്രി പ്രവർത്തന സമയത്ത് ഇന്ന് (2024 ആഗസ്റ്റ് 3-ാം തീയതി ശനിയാഴ്ച) വൈകുന്നേരം 3 മണിക്ക് മുൻപായി അപേക്ഷ നേരിട്ട് തന്നെ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ മേൽവിലാസവും, മൊബൈൽ നമ്പരും വ്യക്തമായി രേഖപ്പെടുത്തേണ്ടതും ആധാർ കാർഡിന്റെ കോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷ പരിഗണിക്കുന്നത് ഒഴിവുകളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കുമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു.

**പരിശീലന പരിപാടി**

5. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ 2024 ആഗസ്റ്റ് 07, 08 തീയതികളിൽ ക്ഷീരകർഷകർക്കായി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 9388834424/9446453247 ലേക്ക് whatsapp ചെയ്യുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

6. ക്ഷീരവികസന വകുപ്പിൻറെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 ആഗസ്റ്റ് 12 മുതൽ 24 വരെ 10 ദിവസങ്ങളിലായി "ക്ഷീരോത്പന്ന നിർമ്മാണ പരിശീലന' പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർക്കും സംരംഭകർക്കും ഓച്ചിറ ക്ഷീരപരിശീലന കന്ദ്രം മുഖേന നേരിട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കായി പരിശീലനം പരിമിതപ്പെടുത്തിയിരിക്കുന്നു. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 135/ രൂപ. പരിശീലനാർത്ഥികൾ 2024 ആഗസ്റ്റ് 9-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476-2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം